# മതവിദ്യാഭ്യാസം ഒരു പൊളിച്ചെഴുത്തിന്റെ ആവശ്യകത

ഒ. അബ്ദുർറഹ്മാൻ

**ആര്യനെഴുത്തും** ബോർഡിലെഴുത്തും ഹറാമായിരുന്ന കാലം കഴിഞ്ഞു. ചീടിപ്പലകയും കരിക്കട്ടയും അപ്രത്യക്ഷമായി; സ്ലെറ്റും പെൻസിലും സാർവത്രികമായി. ഓത്തുപള്ളിയും മൊല്ലാക്കയും പോയി. മദ്രസയും മുദർരിസും മുഫത്തിശും സാധാരണമായി. അക്ഷരവൈരികൾ വിദ്യാഭ്യാസ ബോർഡ് ചെയർമാന്മാരായി. പള്ളിദർസുകൾ അറബിക്കോളേജുകൾക്ക് സ്ഥലം മാറിക്കൊടുത്തു. അറബി പഠിച്ചവർ സർക്കാർ വിദ്യാലയങ്ങളിൽ വാധ്യർമാരായി. അങ്ങനെ മതവിദ്യാഭ്യാസത്തിന്റെ അലകും പിടിയും മാറി. അര നൂറ്റാണ്ടു മുമ്പിലേക്ക് തിരിഞ്ഞുനോക്കിയാൽ എത്ര അത്ഭുതകരമായ പരിവർത്തനമാണ് സംഭവിച്ചിരിക്കുന്നത്.

കേരളക്കരയിൽ ഇന്ന് അയ്യായിരത്തിൽ താഴെ പ്രാഥമിക മദ്രസകളും അറബിക്കോളേജുകളായറിയപ്പെടുന്ന ഇരുപതോളം സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ ലക്ഷക്കണക്കിനു മുസ്‌ലിം കുട്ടികൾ മതവിദ്യാഭ്യാസം നേടുന്നു. അധ്യാപകരുടെ എണ്ണം പതിനായിരക്കണക്കിൽ വരും. ദശലക്ഷക്കണക്കിനു രൂപയാണ് ഈ സ്ഥാപനങ്ങളുടെ നടത്തിപ്പിന് സമുദായം ചെലവഴിക്കുന്നത്. ഒറ്റ നോട്ടത്തിൽ ഇത് അഭിമാനാർഹമായ നേട്ടമായും വിപ്ലവമായും വിലയിരുത്താവുന്നതാണ്. വിശിഷ്യാ, വിദ്യാവിഹീനമായ ഒരു പിന്നാക്ക സമുദായത്തിനു സ്വന്തം കഴിവുകളെ മാത്രം ആധാരമാക്കി ഇത്രയുമൊക്കെ സാധിക്കുന്നത് നിസ്സാരമാക്കിത്തള്ളാവുന്നതല്ല. ഒരു സമുദായമെന്ന നിലയിൽ കേരള മുസ്‌ലിംകൾ മറ്റെന്തിനേക്കാളും ശ്രദ്ധപതിക്കുന്നത് മത വിദ്യാഭ്യാസത്തിലാണെന്ന് സമ്മതിച്ചേ തീരൂ.

ഇത് പക്ഷെ, ചിത്രത്തിന്റെ ഒരു വശമാണ്. മറുവശം നമ്മുടെ മതവിദ്യാഭ്യാസരംഗം അടിമുതൽ മുടിവരെ ശാസ്ത്രീയമായി പൊളിച്ചെഴുതിയില്ലെങ്കിൽ ഭാവി തികച്ചും ഭയാനകമാണെന്ന യാഥാർത്ഥ്യമാകുന്നു. മുൻ കാലങ്ങളെ അപേക്ഷിച്ച് നാം കരഗതമാക്കിയ നേട്ടങ്ങളുടെ പേരിൽ എത്രതന്നെ അഭിമാനിച്ചാലും ഈ നേട്ടങ്ങൾ ഫലപ്രദവും പൂർണവും ശാശ്വതവുമാകാൻ മതവിദ്യാഭ്യാസ മണ്ഡലം അപ്പടി പുനഃപരിശോധിക്കാതെ നിർവാഹമില്ലെന്ന് ഒരു വിഹഗവീക്ഷണം വ്യക്തമാക്കും.

## നമ്മുടെ പ്രാഥമിക മദ്രസകൾ

മതവിദ്യാഭ്യാസമെന്ന് പറയുമ്പോൾ സാധാരണഗതിയിൽ വിവക്ഷിക്കുന്നത് മദ്രസാ വിദ്യാഭ്യാസമാണ്. നാലോ അഞ്ചോ ക്ലാസുകൾ മാത്രം അടങ്ങുന്നവയാണ് കേരളത്തിലെ ബഹുഭൂരിഭാഗം മദ്രസകൾ. ഇവയിൽ മുവ്വായിരത്തോളം മദ്രസകളുടെ നിയന്ത്രണം സമസ്ത കേരള ജംഇയ്യത്തുൽ ഉലമായുടെ കീഴിലുള്ള ഇസ്‌ലാം മതവിദ്യാഭ്യാസ ബോർഡിൽ നിക്ഷിപ്തമാണ്. മറ്റുള്ളവ കേരള നദ്‌വത്തുൽ മുജാഹിദീന്റെയും ജമാഅത്തെ ഇസ്‌ലാമി പ്രവർത്തകരുടെയും 'കക്ഷിരഹിതരുടെ'യും നിയന്ത്രണത്തിലാണ് നടക്കുന്നത്. എന്നാൽ, പ്രാഥമിക മദ്രസകൾ നിലവിലില്ലാത്ത ഒട്ടേറെ മുസ്‌ലിം കേന്ദ്രങ്ങൾ കേരളത്തിലുണ്ടെന്ന് നിഷേധിക്കാനാവില്ല. നാമമാത്രമായ ഓത്തുപള്ളികൾ പോലുമില്ലാത്ത പ്രദേശങ്ങൾ മലബാറിൽ അങ്ങിങ്ങായും പഴയ തിരുവിതാംകൂർ–കൊച്ചി പ്രദേശങ്ങളിൽ ധാരാളമായും കാണാവുന്നതാണ്. പരിശുദ്ധ കലിമത്തുത്തൗഹീദോ അത്യാവശ്യമായ ആരാധനാ കർമങ്ങളോ പഠിക്കാതെ സ്കൂൾ വിദ്യാഭ്യാസം മാത്രം നേടി പുറത്തു വരുന്ന മുസ്‌ലിം യുവാക്കളുടെ എണ്ണം വിരളമല്ല. നിർബന്ധിത സാഹചര്യങ്ങളിൽ നമസ്കരിക്കേണ്ടി വരുമ്പോൾ അക്കാര്യം യഥാസമയത്ത് അഭ്യസിച്ചില്ലെന്ന ഏക കാരണത്താൽ രംഗം വിടേണ്ടി വരുന്ന അഭ്യസ്തവിദ്യർ ദക്ഷിണ കേരളത്തിലെങ്കിലും അപൂർവമല്ലെന്ന് സമ്മതിക്കണം. മതവിദ്യാലയങ്ങൾ സ്ഥാപിച്ചു നടത്തുന്നതിലും അവയിലേക്ക് സന്താനങ്ങളെ അയക്കുന്നതിലും ചില മുസ്‌ലിം പ്രദേശങ്ങൾ ഇപ്പോഴും തുടരുന്ന കുറ്റകരമായ അനാസ്ഥയാണ് ഈ സ്ഥിതി വിശേഷത്തിനു കാരണം. മതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണത്തിന്റെ പേരിൽ അഭിമാനം കൊള്ളുന്ന മത സംഘടനകളാകട്ടെ, പലപ്പോഴും ആവശ്യത്തെക്കാളേറെ പരസ്പര സ്പർധക്ക് പ്രാധാന്യം നൽകുന്നുവെന്നത് ഈ ദുരന്തത്തെ അപ്പടി നിലനിർത്തുന്നു. മദ്രസയെന്ന പേരിൽ ഒരോലക്കൂട് പോലും ഇല്ലാത്ത മുസ്‌ലിം കേന്ദ്രങ്ങളിൽ പോയി സ്വന്തമായോ തദ്ദേശീയരെ പ്രേരിപ്പിച്ചോ വിദ്യാലയങ്ങൾ ഏർപ്പെടുത്താൻ തയ്യാറില്ലാത്ത മതസംഘടനകൾ, ഒരേ സ്ഥലത്ത് രണ്ടോ അതിലധികമോ മദ്രസകൾ സ്ഥാപിക്കാൻ കക്ഷിപക്ഷപാതിത്വത്തിന്റെ പേരിൽ മുമ്പോട്ട് വരുന്നത് അപൂർവമല്ല. മദ്ഹബിന്റെ പേരിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ ഒരേ കേന്ദ്രങ്ങളിൽ അനാവശ്യമായ പള്ളികളുടെയും മദ്രസകളുടെയും എണ്ണം പെരുപ്പിക്കുന്നു. ഒരു മദ്രസപോലുമില്ലാത്ത പ്രദേശങ്ങൾ ആർക്കും വേണ്ടതാനും!

നടക്കുന്ന മദ്രസകളിൽ ഭൂരിഭാഗവും ലോവർ പ്രൈമറികളാണ്. ചുരുങ്ങിയ തോതിൽ അപ്പർ പ്രൈമറി മദ്രസകളും വിരലിലെണ്ണാൻ പോലുമില്ലാത്തത്ര സെക്കണ്ടറി മദ്രസകളും നിലവിലുണ്ട്. സെക്കണ്ടറി മദ്രസകളേക്കാൾ എണ്ണത്തിൽ കൂടുതൽ അറബിക്കോളേജുകളാണെന്നു തോന്നുന്നു. ഹൈസ്കൂളുകൾ നിലവിലുള്ള മുസ്‌ലിം കേന്ദ്രങ്ങളിൽ രണ്ടോ മൂന്നോ സ്ഥലങ്ങളിലേ സെക്കണ്ടറി മദ്രസകൾ സ്ഥാപിതമായിട്ടുള്ളൂ. കുട്ടികൾക്ക് മതപഠനം നൽകണമെന്നാഗ്രഹിക്കുന്നവരിൽ മിക്കവരും കേവലം പ്രാഥമിക മതവിദ്യാഭ്യാസംകൊണ്ട് തൃപ്തിപ്പെടുന്നുവെന്നാണിതിനർത്ഥം. അറബി

പദങ്ങൾ എഴുതാനും ഖുർആൻ അർത്ഥം അറിയാതെ വായിക്കാനും കഴിയുന്നതിനു പുറമെ വിശ്വാസകാര്യങ്ങൾ സംക്ഷിപ്തമായും നബിചരിതം പ്രാഥമികമായും ആരാധനാ കർമങ്ങൾ അല്പാല്പമായും ഗ്രഹിച്ചിരിക്കുമെന്നാണ് വ്യവസ്ഥാപിതമായി പ്രാഥമിക മതവിദ്യാഭ്യാസം പൂർത്തീകരിച്ച വിദ്യാർത്ഥികളെക്കുറിച്ച് പറയേണ്ടത്. സമസ്ത കേരള ഇസ്‌ലാംമത വിദ്യാഭ്യാസ ബോർഡിന്റെ ആഭിമുഖ്യത്തിലുള്ള മദ്രസകളിൽ അറബി ഭാഷാ പഠനം നിഷിദ്ധമാണ്. ശാഫിഈ മദ്ഹബിലെ സങ്കീർണങ്ങളായ വിശദാംശങ്ങൾ —അതും പക്ഷപാതപരമായി എഴുതപ്പെട്ടവ— ഇളം തലച്ചോറുകളിൽ അടിച്ചുകയറ്റാനും വിശ്വാസകാര്യങ്ങൾ തീരെ അശാസ്ത്രീയമായി അധ്യയനം നൽകാനുമാണ് അവരുടെ മദ്രസകൾ പ്രയോജനപ്പെടുന്നത്. പ്രാഥമികമായി പഠിപ്പിക്കുന്ന ചരിത്രമാകട്ടെ, കെട്ടുകഥകളിൽനിന്ന് മുക്തവുമല്ല. തന്നിമിത്തം വിദ്യാഭ്യാസ ബോർഡും പരീക്ഷകളും മുഫത്തിശുമാരും മുഅല്ലിം ട്രെയിനിംഗും പാഠപുസ്തകങ്ങളുമെല്ലാമുണ്ടായിട്ടും സമസ്ത മദ്രസകളിലെ മതപഠനം വലിയൊരളവോളം അപര്യാപ്തവും അപൂർണവുമായി ഭവിക്കുന്നു. ബോർഡിലെഴുത്ത് ഹറാമായിരുന്ന കാലഘട്ടത്തിൽ നിന്ന് വിദ്യാഭ്യാസബോർഡ് രൂപീകരിക്കാവുന്ന പതനത്തിലോളം പുരോഗമിച്ചിരിക്കെ, മദ്രസാ പാഠ്യപദ്ധതി ഫലപ്രദമായി പരിഷ്കരിക്കാൻ അവർക്ക് തടസ്സമുണ്ടാവേണ്ടതില്ല.

മറ്റുള്ളവർ നടത്തുന്ന മദ്രസകളിൽ അറബി ഭാഷാഭ്യസനവും അർത്ഥസഹിതമുള്ള ഖുർആൻ–ഹദീസ് പഠനവുമുണ്ടെന്നത് ശുഭോദർക്കമത്രെ. എന്നാൽ, മുസ്‌ലിംകൾ മലയാളം പഠിക്കാത്ത കാലഘട്ടത്തിൽ ജന്മമെടുത്ത അറബി–മലയാളത്തെ, സ്ക്കൂൾ വിദ്യാഭ്യാസം സാർവത്രികമായ ഇക്കാലത്ത് ഇനിയും പഠനമാധ്യമമാക്കുന്നതിൽ ന്യായീകരണമില്ല. ജമാഅത്തെ ഇസ്‌ലാമി പ്രവർത്തകരുടെ നിയന്ത്രണത്തിലുള്ള ഇസ്‌ലാമിക വിദ്യാഭ്യാസ സമിതി മലയാളത്തിലുള്ള മദ്രസാ പാഠപുസ്തകങ്ങൾ തയ്യാറാക്കിയത് ഒരു നല്ല കാൽവെപ്പാണ്. പക്ഷെ, അപ്പർ പ്രൈമറിഘട്ടം കഴിയുന്നത് വരെയെങ്കിലും അത്യാവശ്യമായ മദ്രസാ പാഠപുസ്തകങ്ങൾ മുഴുവൻ ലളിതമായ മലയാളത്തിൽ വിരചിതമാവേണ്ടതുണ്ട്. സങ്കീർണങ്ങളായ അറബിവ്യാകരണ പുസ്തകങ്ങൾ ഏത് വിഭാഗക്കാരുടേയും മദ്രസകളിൽ ഇപ്പോഴും തുടരുന്നതാണ് അവസാനിപ്പിക്കേണ്ട മറ്റൊരു കീഴ്‌വഴക്കം. അറബിഭാഷയോടോപ്പം പ്രായോഗിക വ്യാകരണം കൂടി പഠിപ്പിക്കുകയെന്ന സമ്പ്രദായമേ പ്രാഥമിക വിദ്യാലയങ്ങളിൽ ഫലപ്രദമാകൂ. ആധുനിക രീതിയിൽ വിരചിതമായ അറബി വ്യാകരണ പുസ്തകങ്ങൾ ഇപ്പോൾ സുലഭമാണുതാനും. എന്നാൽ അറബി ഭാഷയും വ്യാകരണവും മദ്രസാ പാഠ്യപദ്ധതിയിൽ അനുപേക്ഷ്യം തന്നെയെങ്കിലും ഖുർആൻ–ഹദീസ് പഠനങ്ങൾക്കാണ് ഈ ഘട്ടത്തിൽ മുൻഗണന നൽകേണ്ടത്. അറബികോളേജുകളിൽ ഉപരിപഠനം നടത്താനുള്ള സൗകര്യമോർത്താണെന്നു തോന്നുന്നു മിക്ക മദ്രസകളിലും അറബി ഭാഷാ പഠനത്തിന് പ്രാധാന്യം കല്പിച്ചു കാണുന്നത്. പക്ഷെ, ഭൂരിപക്ഷം മുസ്‌ലിം കുട്ടികളും പ്രാഥമിക മതവിദ്യാഭ്യാസം കൊണ്ട് തൃപ്തിപ്പെടുന്നവരാണെന്ന സത്യം കണക്കിലെടുക്കുമ്പോൾ, പരിമിതമായ മതവിദ്യാഭ്യാസ കാലത്ത് ഇസ്‌ലാമിനെ പ്രാഥമികമായെങ്കിലും ഗ്രഹിക്കത്തക്കവിധത്തിൽ ഖുർആനും സുന്നത്തും ഇസ്‌ലാമിക ചരിത്രവും പഠിപ്പിക്കുകയാണ് സർവപ്രധാനമെന്ന് സമ്മതിക്കേണ്ടി വരും.

സെക്കണ്ടറി സ്കൂളുകളുള്ള പ്രദേശങ്ങളെങ്കിലും മദ്രസകൾ സെക്കണ്ടറി ഘട്ടം വരെ ഉയർത്തുമ്പോഴേ പ്രാഥമിക മതവിദ്യാഭ്യാസം ഒരു വിധം തൃപ്തികരമായി നല്കാനാവൂ. വിശുദ്ധ ഖുർആനിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ട അധ്യായങ്ങളെങ്കിലും അർത്ഥ സഹിതം ഗ്രഹിക്കുവാനും കർമശാസ്ത്ര പ്രധാനമായ 'ബുലൂഗുൽ മറാം' എന്ന ഹദീസ് ഗ്രന്ഥവും മുൻ പ്രവാചകന്മാരുടെയും നബി (സ) യുടെയും ഖുലഫാഉർറാഷിദുകളുടെയും ചരിത്രവും പഠിക്കുവാനും അറബിഭാഷയിൽ പ്രാഥമിക പരിജ്ഞാനം നേടുവാനും സെക്കണ്ടറി മദ്രസകൾ അനുപേക്ഷ്യമാണ്. എന്നാൽ പ്രൈമറി, സെക്കണ്ടറി എന്നീ ഘട്ടങ്ങളെ വ്യതിരിക്തമായിത്തന്നെ കണ്ടുകൊണ്ടാവണം സിലബസ് സംവിധാനം ചെയ്യുന്നത്. കാരണം, ഒരു വിഭാഗം വിദ്യാർത്ഥികളെങ്കിലും ഓരോ ഘട്ടത്തിലും വിദ്യാഭ്യാസം അവസാനിപ്പിക്കുന്നവരായുണ്ടാകും. അവർ തീരെ അപൂർണരായി വിരമിക്കാൻ ഇടവരുത്താതെ അപൂർണതയിലെ പൂർണത നേടാൻ അവസരം കൊടുക്കുന്നതാണ് ബുദ്ധി. സെക്കണ്ടറി മദ്രസകളിലെ പാഠ്യപദ്ധതി തയ്യാറാക്കുമ്പോൾ മുഖ്യമായും പരിഗണിക്കേണ്ട വസ്തുത ഈ ബഹിരാകാശ യുഗത്തിന്റെ സവിശേഷതയത്രെ. നിരീശ്വരവാദവും ഹ്യൂമനിസവും യുക്തിവാദവും ആർത്തിരമ്പിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിൽ, സെക്യുലർ വിദ്യാലയങ്ങളിൽ പഠനം നടത്തുന്നവരാണ് നമ്മുടെ വിദ്യാർത്ഥികൾ. അവരുടെ ജിജ്ഞാസ ശമിപ്പിക്കുകയും സംശയങ്ങളകറ്റുകയും സർവ്വോപരി ഇസ്‌ലാമിൽ അവർക്ക് താൽപര്യം ജനിപ്പിക്കുകയും ചെയ്യത്തക്ക വിധത്തിൽ മതപാഠ്യപദ്ധതി പരിഷ്കരിച്ചില്ലെങ്കിൽ നമ്മുടെ ശ്രമവും വ്യയവും വ്യർഥമാവിലാവും. യുക്തിസഹമല്ലെന്ന് തോന്നാവുന്ന കുറേ സിദ്ധാന്തങ്ങളും വരട്ടുതത്വ വാദങ്ങളും പരുക്കൻ മട്ടിൽ ഉരുവിട്ടുപഠിക്കാൻ ഇന്നും കുട്ടികളെ കിട്ടുന്നുവെങ്കിൽ അത് രക്ഷിതാക്കളുടെ ദണ്ഡനനീതികൊണ്ടാവാനാണ് വഴി. പക്ഷെ ഏകാധിപത്യം പിതാവിന്റേയായാലും പൊറുപ്പിക്കപ്പെടാത്ത യുഗമാണ് പിറന്നിരിക്കുന്നത്. അതിനാൽ, വിദ്യാർത്ഥികൾക്ക് സ്വയമേവ വശ്യകത തോന്നത്തക്ക വിധത്തിൽ മതപാഠ്യപദ്ധതി ശാസ്ത്രീയമായി സംവിധാനം ചെയ്യുമ്പോഴേ കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടാൻ കഴിയൂ.

ഒരുദാഹരണം മാത്രം സൂചിപ്പിക്കട്ടെ: നിലവിലുള്ള പാഠ്യപദ്ധതി പ്രകാരം വിശ്വാസകാര്യങ്ങൾ പഠിപ്പിക്കുമ്പോൾ ആദ്യമായി ദൈവത്തെ വിശ്വസിപ്പിക്കുന്നത് ഏതാണ്ടിപ്രകാരമാണ്: അല്ലാഹു(ത) ഉള്ളവനാണ്; അവൻ അനാദിയാണ്; അനന്തനാണ്. കുട്ടിയുടെ മനസ്സിന് ദുർഗ്രാഹ്യമായ ഈ സത്യം പാഠപുസ്കത്തിന്റെ സഹായത്താൽ ഉരുവിട്ടു പഠിപ്പിക്കുകയാണ് അധ്യാപകൻ ചെയ്യുന്നത്. തൽസ്ഥാനത്ത്, പ്രപഞ്ചത്തിലെ അത്ഭുത പ്രതിഭാസങ്ങളിൽ നിന്നും നിഗൂഢതകളിൽ നിന്നും സുഗ്രാഹ്യമായ ചില വശങ്ങൾ ചിത്രസഹിതം ലളിതമായി വിവരിച്ച്, അവക്കു പിന്നിലുള്ള ശക്തിയിലേക്ക് ഇളം മനസ്സിനെ ക്രമേണ നയിച്ചാൽ ഒരിക്കലും മാഞ്ഞുപോവാതെ ദൈവിക വിഭാവനം കുട്ടിയുടെ ഹൃദയത്തിൽ സ്ഥാനം പിടിക്കും. പാഠപുസ്തകങ്ങൾ ഈ രീതിയിൽ ക്രോഡീകരിച്ചില്ലെങ്കിൽ, ഇതേ സമ്പ്രദായത്തിലൂടെ വിരചിതമായ ഉപപാഠപുസ്കങ്ങളെങ്കിലും ഏർപ്പെടുത്തിയാൽ മതി. മൂല്യഗുണമുള്ള കഥകളും ചരിത്രസംഭവങ്ങളും ആകർഷകമായി പ്രതിപാദിക്കുന്ന ഉപപാഠപുസ്തകങ്ങൾക്ക് നമ്മുടെ മത വിദ്യാഭ്യാസ പദ്ധതിയിൽ സ്ഥാനം നൽകേണ്ടതുണ്ട്. 'നോൺഡിറ്റെയിൽസ്' സ്കൂളുകളിലേ പാടുള്ളൂവെന്ന് നാം വിശ്വസി

ച്ചപോലെ തോന്നുന്നു!

## അറബിക്കോളേജുകൾ

സെക്കണ്ടറി ഘട്ടം കഴിഞ്ഞാൽ ഇസ്‌ലാമിക വിഷയങ്ങളിൽ ഉപരിപഠനം നടത്തണമെന്നാഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഒന്നുകിൽ അറബിക്കോളേജുകളെ അഭയം പ്രാപിക്കുന്നു; അല്ലെങ്കിൽ ഉന്നത ഇസ്‌ലാമിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ചേർന്നു പഠിക്കുന്നു. സർക്കാർ സഹായത്തോടെ നടക്കുന്നതോ അഗീകൃത അറബി പരീക്ഷകളെഴുതാൻ വിദ്യാർത്ഥികളെ സജ്ജമാക്കുകയെന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്നതോ ആയ കോളേജുകൾ കേരളത്തിൽ അപൂർവമല്ല. എന്നാൽ ഒരു മതേതര ഗവർമ്മെണ്ട് പൗരസ്ത്യ ഭാഷകളിലൊന്നെന്ന നിലയിൽ അറബി പഠിക്കാൻ വ്യവസ്ഥ ചെയ്ത ഇത്തരം സ്ഥാപനങ്ങളെ ഇസ്‌ലാമിക കോളേജുകളായി ഗണിച്ചുകൂടാ. എങ്കിലും ഭാഷാ സാഹിത്യവുമായി ബന്ധപ്പെട്ട ഇസ്‌ലാമിക ഗ്രന്ഥങ്ങളും തദടിസ്ഥാനത്തിൽ ഖുർആനും സുന്നത്തും അംഗീകൃത അറബികോളേജുകളിലെ പാഠ്യപദ്ധതി ഉൾക്കൊള്ളുന്നുവെന്നത് ആശ്വാസകരമത്രെ. അഞ്ച് വർഷത്തെ കോഴ്സ് വ്യവസ്ഥാപിതമായി പൂർത്തീകരിച്ച് അഫ്സലുൽ ഉലമാ പരീക്ഷ പാസ്സാവുന്ന വിദ്യാർത്ഥി അറബി ഭാഷയിലും ഇസ്‌ലാമിക വിജ്ഞാനീയങ്ങളിലും സാമാന്യമായ പരിജ്ഞാനം നേടിയിരിക്കണമെന്നതിൽ സംശയമില്ല.

പക്ഷെ, സമീപകാലത്ത് ഈ രംഗത്തും ചില അനാശാസ്യ പ്രവണതകൾ ദൃശ്യമായിട്ടുണ്ടെന്ന് പറയാതെ വയ്യ. കുറുക്കുവഴികളിലൂടെ അറബിമുൻഷി പരീക്ഷകൾക്കെഴുതി സർട്ടിഫിക്കറ്റ് സമ്പാദിച്ചു സ്ക്കൂൾ അധ്യാപക ജോലിയിൽ പ്രവേശിക്കാനുള്ള വ്യഗ്രതയാണ് അതിലൊന്ന്. അഫ്സലുൽ ഉലമാ എൻട്രൻസ് പരീക്ഷക്കെഴുതിയാൽ പ്രൈമറി സ്ക്കൂളുകളിൽ അറബി അധ്യാപകനാകാനുള്ള അവസരം അടുത്ത കാലത്തായി നിഷേധിക്കപ്പെട്ടിട്ടുണ്ടെങ്കിലും പ്രിലിമിനറി പരീക്ഷയെസ്സംബന്ധിച്ചിടത്തോളം ഈയാനുകൂല്യം ഇപ്പോഴും നിലനിൽക്കുന്നു. അതിനാൽ ഫൈനൽ ഘട്ടം വരെ തുടർന്നു പഠിക്കാൻ മിനക്കെടാത്തവരാണ് വിദ്യാർത്ഥികളിൽ ഒരു വിഭാഗം. തുടർന്നു പഠിക്കുന്നവർ തന്നെ പരീക്ഷമാത്രം ലക്ഷ്യമാക്കുന്നത് കൊണ്ട് അഞ്ചുകൊല്ലത്തെ അഫ്സലുൽ ഉലമാ കോഴ്സിന്റെ നേട്ടങ്ങൾ പോലും വിദ്യാർത്ഥികൾക്ക് വലിയൊരളവോളം ലഭ്യമാവാതെ പോവുകയാണ്. ഏത് നിലക്കും ഖുർആൻ, ഹദീസ്, ഫിഖ്ഹ്, ഇൽമുൽ കലാം, ഇസ്‌ലാമിക ചരിത്രം എന്നീ വിഷയങ്ങളിൽ വ്യുല്പത്തിയുള്ള പണ്ഡിതന്മാരെ വാർത്തെടുക്കാൻ ആധുനിക അറബിക്കോളേജുകൾക്ക് സാധിക്കുന്നില്ലെന്നത് പരമാർഥമാകുന്നു. അതിനേക്കാൾ ദയനീയം, നിശ്ചിത കോഴ്സ് പൂർത്തീകരിക്കുന്നവരിൽതന്നെ മതാവേശമോ ഇസ്‌ലാമിക പ്രബോധന വാഞ്ഛയോ പ്രകടമല്ല എന്നതത്രെ. കേവല മതേതര വിദ്യാഭ്യാസം സിദ്ധിച്ചവരെപ്പോലും ലജ്ജിപ്പിക്കത്തക്കവണ്ണം ഇസ്‌ലാമിക ജീവിതവ്യവസ്ഥയോട് പുഛമനോഭാവം വെച്ചുപുലർത്തുന്നവരുമുണ്ട് കൂട്ടത്തിൽ.

## ഉന്നത ഇസ്‌ലാമിക സ്ഥാപനങ്ങൾ

യോഗ്യരായ മതപണ്ഡിതന്മാരെ സൃഷ്ടിക്കുന്നതിൽ അംഗീകൃത അറബിക്കോളേജുകൾക്കുള്ള പരിമിതി കണക്കിലെടുത്തും, ഇസ്‌ലാമിക വിഷയങ്ങളിൽ അവഗാഹവും ആധുനിക വീക്ഷണവുമുള്ള പ്രബോധകന്മാരെ വാർത്തെടുക്കുകയെന്ന ലക്ഷ്യം വെച്ചും നിലവിൽ വന്ന ചില ഇസ്‌ലാമികസ്ഥാപനങ്ങൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. വിവിധ മണ്ഡലങ്ങളിൽ പ്രാപ്തരായ ഇസ്‌ലാമിക പ്രവർത്തകരെ സംഭാവന ചെയ്യാൻ ഈ സ്ഥാപനങ്ങൾക്ക് ഇതിനകം കഴിഞ്ഞിട്ടുമുണ്ട്. ഇസ്‌ലാമിക വിഷയങ്ങളേയും ആധുനിക വിജ്ഞാനീയങ്ങളേയും സമന്വയിപ്പിച്ചുകൊണ്ടുള്ള പാഠ്യപദ്ധതികളാണ് ഉന്നത ഇസ്‌ലാമിക വിദ്യാസ്ഥാപനങ്ങളുടെ സവിശേഷത. ഇവിടങ്ങളിൽ അറബിക്ക് പുറമെ ഇംഗ്ലീഷ്, ഉറുദു എന്നീ ഭാഷകളും മലയാള സാഹിത്യവും അഭ്യസിപ്പിക്കുന്നുവെന്നത് പ്രസ്താവ്യമായ പ്രത്യേകതയാണ്.

എന്നാൽ കാലോചിതമായ പരിഷ്കരണങ്ങൾക്കും പരിവർത്തനങ്ങൾക്കും സന്നദ്ധമായില്ലെങ്കിൽ ഇത്തരം സ്ഥാപനങ്ങളുടെ പ്രയോജനം വലിയൊരളവോളം നഷ്ടപ്പെടുമെന്ന് മാത്രമല്ല ക്രമത്തിൽ നാമാവശേഷമാവുകയും ചെയ്യും. വിദ്യാഭ്യാസം ജോലി ലക്ഷ്യം വെച്ചാകട്ടെ, അല്ലാതിരിക്കട്ടെ അംഗീകൃത ഡിഗ്രികൾ അനുപേക്ഷ്യമായി ഗണിക്കപ്പെടുന്ന സാമൂഹ്യാന്തരീക്ഷമാണ് നിലവിലുള്ളത്. ലൗകിക വിജ്ഞാനീയങ്ങളും ഇസ്‌ലാമിക വിഷയങ്ങളും ഒരേ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയെന്നത് പ്രസ്താവ്യമായ നേട്ടമാണെങ്കിലും അംഗീകൃത ഡിഗ്രികളുടെ അടിസ്ഥാനത്തിലല്ലാതെ സ്ഥാപനങ്ങളുടെ വിദ്യാഭ്യാസ നിലവാരം നിജപ്പെടുത്താൻ ആധുനിക ലോകത്തിന് സാധ്യമല്ല. കേവലം മതപണ്ഡിതന്മാരേയും മിഷിനറിമാരേയും വാർത്തെടുക്കുവാൻ വേണ്ടി നിലവിൽ വന്ന മദീനയിലെ ഇസ്‌ലാമിക് യൂനിവേഴ്സിറ്റി പോലും ബി. എ. ക്ക് തുല്യമായ ഒരു സർട്ടിഫിക്കറ്റ് നൽകിക്കൊണ്ടാണ് വിദ്യാർത്ഥികളെ പുറത്തു വിടുന്നത്. ഇസ്‌ലാമിക കോളേജുകളിൽ പഠനം പൂർത്തീകരിച്ചവർക്ക് വിദേശീയ സർവകലാശാലകളിൽ ഉപരിപഠനം നടത്താനും അംഗീകൃത ഡിഗ്രികളോ ഡിപ്ലോമയോ കൂടിയേ കഴിയൂ. ഈ വക കാരണങ്ങളാൽ ഇസ്‌ലാമിക കോളേജുകൾക്കായി തയ്യാറാക്കപ്പെട്ട പാഠ്യപദ്ധതിയിലെ ഭാഷയും ആർട്ട്സ് വിഷയങ്ങളും യഥാക്രമം എസ്.എസ്. എൽ. സി, പ്രീ–ഡിഗ്രി, ബി.എ. എന്നീ കോഴ്സുകളെ മുമ്പിൽവെച്ച് പുനഃക്രോഡീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. എസ്.എസ്. എൽ. സി പാസ്സായ വിദ്യാർത്ഥികൾക്കേ കോളേജിൽ പ്രവേശനം നൽകൂ എന്ന് തീരുമാനിച്ചാൽ തുടർന്നുള്ള ഘട്ടങ്ങൾ തദനുസൃതമായി ക്രമീകരിക്കാൻ എളുപ്പമുണ്ട്. ഈ തരത്തിൽപെട്ട എല്ലാ പരീക്ഷകൾക്കും സ്വകാര്യമായെഴുതാൻ ഇപ്പോൾ കേരളത്തിൽതന്നെ സൗകര്യമുള്ളതുകൊണ്ട് പുതിയ പരീക്ഷണം പരാജയപ്പെടാൻ സാധ്യതയില്ല. തങ്ങളുടെ കുട്ടികൾ ലൗകിക വിദ്യാഭ്യാസം നേടുന്നതോടൊപ്പം മതപാണ്ഡിത്യം കൂടി കരസ്ഥമാക്കുന്നതിൽ തല്പരരായവർ രക്ഷിതാക്കളിൽ ധാരാളമുണ്ട്.

എന്നാൽ അംഗീകൃത ബിരുദങ്ങൾ നേടത്തക്കവണ്ണം വിദ്യാഭ്യാസ പദ്ധതി പുനരാവിഷ്കരിക്കുമ്പോൾ നിലവിലുള്ള ചില അറബി ഗ്രന്ഥങ്ങൾക്കും മതവിഷയങ്ങൾക്കും സ്ഥാനഭ്രംശം നേരിട്ടേക്കും. ഇത് ഒരു മഹാവിപത്തായി വീക്ഷിക്കേണ്ടതില്ല. ലൈബ്രറികളിലെ ഗ്രന്ഥങ്ങൾ മുഴുവൻ കരണ്ടുതീർക്കുകയല്ല, വിവിധ വിജ്ഞാന ശാഖകളിൽ വളർന്നു വികസിക്കാനുള്ള അടിത്തറ ഭദ്രമാക്കുകയാണ് കോളേജ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമായിരിക്കേണ്ടത്. അതിനാൽ യാഥാസ്ഥിതിക വിഭാഗത്തിന്റെ വെല്ലുവിളി നേരിടാനെന്ന ഭാവത്തിൽ ശാഫിഈ മദ്ഹബിലെ പ്രാമാണികങ്ങളായ എല്ലാ ഫിഖ്ഹ് ഗ്രന്ഥങ്ങളും അവയുടെ നിദാന ശാസ്ത്രങ്ങളും വിദ്യാർത്ഥികളിൽ അടിച്ചേല്പിക്കേണ്ടത് ഒരാവശ്യമല്ല. പ്രസക്തമായ എല്ലാ മദ്ഹബുകളെക്കുറിച്ചും ഏക

ദേശ വീക്ഷണം ലഭിച്ചശേഷം പിന്നീടാവശ്യമായി വരുമ്പോൾ ഗ്രന്ഥങ്ങൾ പരിശോധിച്ച് ഇസ്‌ലാമിക നിയമ പ്രശ്നങ്ങൾക്ക് പോംവഴി കണ്ടെത്തുവാൻ വിദ്യാർത്ഥികൾക്ക് കഴിഞ്ഞാൽ മതി. സ്വതന്ത്രമായും ഗവേഷണ ബുദ്ധിയോടെയും ഫിഖ്ഹ് പ്രശ്നങ്ങളെ കയ്യാളാനുള്ള പ്രാപ്തി അവർക്കുണ്ടായിരിക്കുകയാണ് സർവ്വഥാ പ്രാധാന്യമർഹിക്കുന്നത്. അതേപോലെത്തന്നെ, ഗോളശാസ്ത്രം, തർക്കശാസ്ത്രം തുടങ്ങിയ വിജ്ഞാനശാഖകളിലെ കാലഹരണപ്പെട്ട ഗ്രന്ഥങ്ങൾ പാഠ്യപദ്ധതിയിൽനിന്ന് ഒഴിച്ചുനിർത്തേണ്ട കാലം വൈകി. ഹദീസ് പഠനത്തിലെ അശാസ്ത്രീയതയാണ് പരാമർശിക്കപ്പെടേണ്ട മറ്റൊരു വസ്തുത. വിവിധ ഘട്ടങ്ങളിലായി പല ഹദീസ് ഗ്രന്ഥങ്ങളിൽ നിന്നും ചില ഭാഗങ്ങൾ വായിച്ചുതീർക്കുന്ന സമ്പ്രദായത്തിനു പകരം, സഹീഹുൽ ബുഖാരി, മുസ്‌ലിം പോലുള്ള ഒന്നോ രണ്ടോ ഹദീസ് ഗ്രന്ഥങ്ങൾ വ്യവസ്ഥാപിതമായും പൂർണമായും പഠിക്കുന്നതാണ് ഫലപ്രദമാവുക. ഒരർത്ഥത്തിൽ, കാര്യക്ഷമമായ ഹദീസ് പഠനം ഫിഖ്ഹിനെ വലിയൊരളവോളം അനാവശ്യമാക്കിത്തീർക്കും.

ചരിത്ര വിഷയങ്ങളെ സംബന്ധിച്ചിടത്തോളം ഏതാണ്ടെല്ലാ ഇസ്‌ലാമിക വിദ്യാഭ്യാസ സ്ഥാപനങ്ങളും അനുവർത്തിച്ചു വരുന്ന ഒരബദ്ധം ഇവിടെ ചൂണ്ടിക്കാട്ടേണ്ടതുണ്ട്. നാം ഇന്ത്യാരാജ്യത്താണ് ജീവിക്കുന്നതെന്നും ഈ രാജ്യത്തിന് ബൃഹത്തായൊരു ചരിത്രമുണ്ടെന്നും പ്രസ്തുത ചരിത്രത്തെ ഇസ്‌ലാമിനും മുസ്‌ലിംകൾക്കും ദ്രോഹകരമായ രീതിയിൽ തിരുത്തിയെഴുതപ്പെട്ടുകൊണ്ടിരിക്കയാണെന്നും നമ്മുടെ മതവിദ്യാഭ്യാസ ശില്പികൾ വിസ്മരിച്ചിരിക്കയാണ്. ഇന്ത്യാ ചരിത്രത്തിലെ തെറ്റും ശരിയും യഥാതഥമായി പഠിക്കാൻ ഇസ്‌ലാമിക വിദ്യാർത്ഥികൾക്ക് സാധ്യമായാലേ ഈ നാട്ടിന്റെ അന്തരീക്ഷത്തിൽ ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയൂ. അമവിയ്യാ–അബ്ബാസിയാ ഭരണകാലഘട്ടങ്ങളിലെ നിസ്സാരമായ ചലനങ്ങൾപോലും മനഃപാഠമാക്കുന്നതിനു പകരം മുസ്‌ലിം ചരിത്രം സംക്ഷിപ്തമായും ഇന്ത്യാചരിത്രം സാമാന്യമായും പഠിക്കാൻ വിദ്യാർത്ഥികൾക്ക് അവസരം നൽകേണ്ടതാണ്. ഇന്ത്യാ ചരിത്ര ഗ്രന്ഥങ്ങൾ അറബിയിലല്ലെന്നത് ഒരു ന്യൂനതയായി കരുതിക്കൂടാ.

ഇസ്‌ലാമിക കോളേജുകളിലെ പഠനനിലവാരം മെച്ചപ്പെടുത്താൻ അറബി വിഷയങ്ങളുടെ മാധ്യമം അറബിയായിരിക്കേണ്ടതും ഇതര വിഷയങ്ങളുടെ അധ്യാപനം പ്രഭാഷണ രൂപത്തിലായിരിക്കേണ്ടതും ആവശ്യമാണ്. കിതാബ് വായിച്ചു 'മഅന' വെയ്ക്കുന്ന പള്ളിദർസ് സമ്പ്രദായം അവസാനിപ്പിക്കേണ്ട കാലം അതിക്രമിച്ചു.

## യോഗ്യരായ അധ്യാപകർ

പ്രാഥമിക മദ്രസകളാകട്ടെ ഉയർന്ന കോളേജുകളാകട്ടെ മതവിദ്യാഭ്യാസ രംഗത്തെ ഏറ്റവും ഗുരുതരമായ പ്രശ്നം പ്രാപ്തരായ അധ്യാപകരുടെ വൈരള്യമാണ്. സമസ്ത കേരള ഇസ്‌ലാം മത വിദ്യാഭ്യാസ ബോർഡ് മുഅല്ലിം ട്രെയിനിംഗ് ഒരു പരിപാടിയായംഗീകരിച്ചിട്ടുണ്ടെങ്കിലും അവരുടെ മദ്രസാ വിദ്യാഭ്യാസ പദ്ധതിയുടെ പൊതുവായ ന്യൂനതകൾക്കപവാദമല്ല അധ്യാപക പരിശീലനവും. മറ്റുള്ളവർക്ക് നാമമാത്രമായിപ്പോലും അധ്യാപക പരിശീലനത്തിനു ഏർപ്പാടുകളില്ല. മതാധ്യാപകനാവാൻ നിശ്ചിത വിദ്യാഭ്യാസ യോഗ്യതകൾ പോലും ആവശ്യമില്ലെന്നതാണ് നില. അയോഗ്യരായ അധ്യാപകരും പാർട്ട്ടൈം അറബി മുൻഷിമാരും യഥേഷ്ടം കൈകാര്യം ചെയ്യുന്ന ഒരു ഈജിയൻ തൊഴുത്തായധഃപതിച്ചിരിക്കുന്നു നമ്മുടെ മതവിദ്യാഭ്യാസ രംഗമെന്ന് വേണം പറയാൻ. മത കോളേജുകളുടെ പ്രിൻസിപ്പൽമാരുടെ കൂടി യോഗ്യത, വേഷഭൂഷാദികളോ വഅസ് പരമ്പര നടത്താനുള്ള പ്രാവീണ്യമോ ആയി തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്നു. ഇംഗ്ലീഷിൽ തെറ്റുകൂടാതെ 'പ്രിൻസിപ്പൽ' എന്നെഴുതാനുള്ള പരിജ്ഞാനം പോലും ചില അറബി ക്കോളേജ് പ്രിൻസിപ്പൽമാർക്കില്ല! ഇത്തരക്കാർക്ക് അറബി മാധ്യമമാക്കി പഠിപ്പിക്കുവാനോ വിദ്യാർത്ഥികളിൽ ആധുനിക വീക്ഷണം പകരുവാനോ സാധിച്ചെങ്കിലേ അത്ഭുതമുള്ളൂ.

അധ്യാപകരുടെ അയോഗ്യതയേക്കാൾ ശോചനീയമാണ് സമുദായം അവർക്ക് കല്പിക്കുന്ന സ്ഥാനം. മതാധ്യാപകർക്ക് അനുവദിക്കപ്പെടുന്ന വേതനവും ജീവിത സൗകര്യങ്ങളും പരമ ദയനീയമത്രെ. മുപ്പതോ നാൽപ്പതോ രൂപ ശമ്പളം വാങ്ങുന്ന മദ്രസാധ്യാപകരും 150 മുതൽ 175 വരെ രൂപ വേതനം പറ്റുന്ന പ്രിൻസിപ്പൽമാരും സർവസാധാരണമാണ്. പരിമിതമായ ഈ വേതനം തന്നെ കൃത്യമായും മാന്യമായും നൽകപ്പെടാറില്ല. സർവീസ് സ്ഥിരതയും പെൻഷനും മദ്രസാധ്യാപകരെസംബന്ധിച്ചിടത്തോളം അചിന്ത്യമാണ്. സ്ഥലത്തെ പൗരപ്രധാനിയോ, മദ്രസാ കമ്മിറ്റിയോ, അകാരണമായോ സകാരണമായോ ക്ഷോഭിക്കുന്ന ഏതു നിമിഷവും മതാധ്യാപകന്റെ സ്ഥാനഭ്രംശം സുനിശ്ചിതമാകുന്നു. വേദനാജനകമായ ഈ സ്ഥിതിവിശേഷം അല്പസ്വല്പം യോഗ്യരായ അധ്യാപകരെകൂടി മതാധ്യാപനരംഗം വിടാൻ പ്രേരിപ്പിക്കുകയാണ്.

ചുരുക്കത്തിൽ ഇസ്‌ലാമിക വിദ്യാഭ്യാസ മണ്ഡലം അപ്പടി പുനരവലോകനം ചെയ്തു സമഗ്രമായ പരിഷ്കാരങ്ങൾ നടപ്പിൽ വരുത്താൻ സമയമായി. സമുദായത്തിലെ സമ്പന്നരും ബുദ്ധിജീവികളും നേതാക്കളും മതസംഘടനകളും ഇവ്വിഷയത്തിലെങ്കിലും സഹകരിച്ചു പ്രവർത്തിക്കാൻ സന്നദ്ധരായാൽ മാത്രമേ ഏത് പരിഷ്കരണവും സാധ്യമാവൂ. യു. പി.യിലെ ദീനീ തഅ്ലീമീ കൗൺസിൽ നമുക്ക് മാതൃകയാണ്. പല കാര്യങ്ങളിലും സാരമായ അഭിപ്രായ ഭിന്നതകളുള്ള സംഘടനകളും നേതാക്കളും ഒത്തുചേർന്നു രൂപം നൽകിയതാണ് ദീനീ തഅ്ലീമീ കൗൺസിൽ. അയ്യായിരത്തിലധികം മതവിദ്യാലയങ്ങൾ ഈ സമിതിയുടെ നിയന്ത്രണത്തിൽ നടക്കുന്നു. ജമാഅത്തെ ഇസ്‌ലാമി, കേരള നദ്‌വത്തുൽ മുജാഹിദീൻ, എം.ഇ. എസ് തുടങ്ങിയ സംഘടനകളും— സാധ്യമാണെങ്കിൽ സമസ്തയും— സംഘടനകളുമായി ബന്ധമില്ലാത്ത പൗരപ്രമുഖരും സഹകരിച്ചാൽ കേരളത്തിലും ഒരു ഇസ്‌ലാമിക വിദ്യാഭ്യാസ രീതി രൂപീകരിച്ചു മതവിദ്യാഭ്യാസ പദ്ധതിയും സ്ഥാപനങ്ങളും ഏകീകരിക്കുവാനും അധ്യാപന പരിശീലനം, നിയമനം, സ്ഥലമാറ്റം, വേതനം നിജപ്പെടുത്തൽ, പാഠപുസ്തക ക്രോഡീകരണം എന്നീ കാര്യങ്ങൾ കാര്യക്ഷമമായി നടത്തുവാനും സാധിക്കുന്നതാണ്. പാഠപുസ്തകങ്ങൾ മുഖേനയുള്ള വരുമാനത്തിനു പുറമെ യാതൊരു വ്യവസ്ഥയും കണക്കുമില്ലാതെ നല്കപ്പെടുന്ന സംഭാവനകൾ സ്വരൂപിച്ചും വിദ്യാഭ്യാസ സമിതിയുടെ ചെലവുകൾ നടത്തിക്കൊണ്ടു പോവാൻ കഴിയും. ഇസ്‌ലാമിക വിദ്യാഭ്യാസം അപരിഹാര്യമായ പ്രതിസന്ധിയിലേക്ക് നീങ്ങുന്നതിനു മുമ്പ് സമുദായം കണ്ണ് തുറക്കുമെന്നാശിക്കുക.

●